## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2401** **19.06.2013**-ൽ മറുപടിക്ക്

## 'പുതുതായി ആരംഭിക്കുന്ന ഹോമിയോ ഡിസ്പെൻസറികൾ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര; വിശദാംശം വ്യക്തമാക്കുമോ; | (എ) നിലവിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. 2013-14 വാർഷിക പദ്ധതിപ്രകാരം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുവേണ്ടി 350 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ ഹോമിയോപ്പതി ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോ ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ മലപ്പുറം ജില്ലയിലെ മുതുവല്ലൂർ പഞ്ചായത്തിന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ